# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **3798**</u>

**<u>21.06.2018 ൽ മറുപടിക്ക്</u>**

**<u>ചവറയിൽ വ്യവസായ കോംപ്ലക്സ്</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ചവറയിൽ ധാതുമണൽ ഉപയോഗപ്പെടുത്തി ടൈറ്റാനിയം മെറ്റൽ വരെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;<br><br>(ബി) ഇത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (എ) & (ബി) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതുമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 11.01.2017 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി നിയോഗിച്ച ക്രിസിൽ എന്ന സ്ഥാപനം നടത്തിയ മാർക്കറ്റ് പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ടൈറ്റാനിയം മിൽ പ്രോഡക്ട്സ്, സിർക്കോണിയം കാർബണേറ്റ്, പേർളിസെന്റ് പിഗ്മെന്റ് (Pearlescent pigment) എന്നിവ കരിമണലിൽ നിന്നും ഉത്പാദിപ്പിക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്. കൂടാതെ, പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഒരു ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനും റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**